**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5105** **04-07-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ സ്പെഷ്യൽ എഡ്യുക്കേറ്റർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് ഇപ്പോൾ നൽകി വരുന്ന പ്രതിമാസ വേതനം എത്ര രൂപയാണ്; ആയത് ഏത് വർഷം മുതൽ നിശ്ചയിച്ചിട്ടുള്ളതാണ്; പിന്നീട് വേതന വർദ്ധനവ് വരുത്താതിരുന്നതിന്റെ കാരണമെന്താണ്; വ്യക്തമാക്കുമോ; | (എ) | എലിമെന്ററി വിഭാഗത്തിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപയും സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 25,000/- രൂപയും ഇപ്പോൾ നൽകിവരുന്നു.<br><br>2018 ഏപ്രിൽ മുതലാണ് സമഗ്ര ശിക്ഷാ പദ്ധതി നിലവിൽ വന്നത്. 2018 ന് മുൻപ് സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ ആർ.എം.എസ്.എ യുടെ കീഴിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ആർ.എം.എസ്.എ യുടെ ഭാഗമായിരുന്ന കാലയളവിൽ എലമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 22000 /-രൂപയും സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 28,815/-രൂപയും വേതനമായി നൽകിയിരുന്നു. 10 മാസത്തേയ്ക്കാണ് ഈ തുക നൽകിയിരുന്നത്. അവധിക്കാലമായ ഏപ്രിൽ മെയ് മാസങ്ങളിൽ ഇവരുടെ സേവനം ലഭിച്ചിരുന്നില്ല.<br><br>എന്നാൽ 2018-19 അധ്യയന വർഷം മുതൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ വർഷത്തിൽ 12 മാസവും കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിവരുന്നു. സമഗ്ര ശിക്ഷാ മാനദണ്ഡ പ്രകാരം ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തിലും എലമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകാവുന്ന പരമാവധി തുക 20,000/-രൂപയും സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകാവുന്ന പരമാവധി തുക 25,000/- രൂപയുമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഓരോ വർഷവും പ്രോജക്ട് അപ്രൂവൽ ബോർഡ് യോഗം ചേർന്നാണ് സമഗ്രശിക്ഷാ കേരളയുടെ വിവിധ പദ്ധതികൾ അംഗീകരിക്കുന്നതും പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുന്നതും. ഇത് |

| | | | |
|---|---|---|---|
| | | | 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന സർക്കാർ വിഹിതവും എന്ന രീതിയിലാണ് നടപ്പിലാക്കുന്നത്.<br><br>സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഓരോ വർഷവും കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിക്കാറുണ്ടെങ്കിലും പ്രോജക്ട് അപ്രൂവൽ ബോർഡ് നിലവിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള അംഗീകാരം നൽകി യിട്ടില്ല. അടുത്ത വർഷത്തെ പ്രോജക്ട് സമർപ്പിക്കുമ്പോഴും വേതനം പരിഷ്കരിക്കുന്ന തിനുള്ള പ്രൊപ്പോസൽ കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്. |
| (ബി) | ഇവരുടെ നിയമനത്തിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ബി) | ഒരു പദ്ധതി വർഷം ഏപ്രിൽ 2-ാമത്തെ പ്രവൃത്തിദിനം മുതൽ അടുത്ത മാർച്ച് 31 വരെയാണ് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്നത്. കാലാവധി കഴിഞ്ഞാൽ, മുൻകാലത്തെ പ്രകടനം വിലയിരുത്തി അടുത്ത പദ്ധതി വർഷത്തിലേയ്ക്ക് പുതിയ കരാറടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. |
| (സി) | എല്ലാ പൊതുവിദ്യാലയങ്ങളിലും സ്ഥിരമായി സ്പെഷ്യൽ എഡ്യുക്കേറ്റർമാരെ നിയമിക്കണമെന്ന് സുപ്രീംകോടതി ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കുന്നതിനുള്ള തടസ്സമെന്താണ്; | (സി) | 28.10.2021 ലെ ബഹു. സുപ്രീം കോടതി വിധി (writ petition civil 132 of 2016) പ്രകാരം എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമി ക്കണമെന്ന് ഉത്തരവായിരുന്നു. എന്നാൽ സമഗ്ര ശിക്ഷാ കേരളം ഒരു പ്രോജക്ടായതിനാൽ സ്ഥിരനിയമനം അപ്രായോഗികമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്ന് നിർദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാനാവൂ.<br><br>ബഹു. സുപ്രീം കോടതിയുടെ WP(C)132/2016, 876/2017 നമ്പർ കേസിലെ 28.10.2021ലെ വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു താല്കാലിക ക്രമീകരണം എന്ന നിലയിൽ സമഗ്ര ശിക്ഷ കേരളയുടെ കീഴിൽ ക്ലബ്ബിംഗ് രീതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള 2886 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അതോടൊപ്പം സ്വീകരിക്കേണ്ട അനുബന്ധ നടപടി ക്രമങ്ങൾ സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>ബഹു. കോടതിയുടെ 28.10.2021 ലെയും തുടർന്നുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പെഷ്യൽ |

| | | | |
|---|---|---|---|
| | | | എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കുകയാണെങ്കിൽ സർക്കാരിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാകും. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയൂ. |
| (ഡി) | എല്ലാ സ്കൂളുകളിലും സ്പെഷ്യൽ എഡ്യുക്കേറ്റർമാരെ സ്ഥിരമായി നിയമിക്കാനും അവർക്ക് കാലോചിതമായ വേതനം ലഭ്യമാക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ? | (ഡി) | 28.10.2021 ലെ ബഹു. സുപ്രീം കോടതി വിധി (writ petition civil 132 of 2016) പ്രകാരം എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമി ക്കണമെന്ന് ഉത്തരവായിരുന്നു. എന്നാൽ സമഗ്ര ശിക്ഷാ കേരളം ഒരു പ്രോജക്ടായതിനാൽ സ്ഥിരനിയമനം അപ്രായോഗികമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്ന് നിർദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാനാവൂ.<br><br>ബഹു. സുപ്രീം കോടതിയുടെ WP(C)132/2016, 876/2017 നമ്പർ കേസിലെ 28.10.2021ലെ വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു താല്ക്കാലിക ക്രമീകരണം എന്ന നിലയിൽ സമഗ്ര ശിക്ഷ കേരളയുടെ കീഴിൽ ക്ലബ്ബിംഗ് രീതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള 2886 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അതോടൊപ്പം സ്വീകരിക്കേണ്ട അനുബന്ധ നടപടി ക്രമങ്ങൾ സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>ബഹു. കോടതിയുടെ 28.10.2021 ലെയും തുടർന്നുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കുകയാണെങ്കിൽ സർക്കാരിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാകും. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ